പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*586 — 23.05.2017 ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉത്പാദന-വിപണന പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.എം. നൗഷാദ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പച്ചക്കറി ഉത്പാദകക്കമ്പനികൾക്കും വിപണന കമ്പനികൾക്കും ഏതു തരത്തിലുള്ള പിന്തുണയാണ് നൽകി വരുന്നത്; | എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദന കമ്പനികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ മാർക്കറ്റുകൾ എന്നിവയുടെ സഹകരണത്തോടെ വിപണനം നടത്തുന്നതിനായി പച്ചക്കറി ഉല്പാദനം കൂടുതലുള്ള മേഖലയിലാണ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) എല്ലാ വീട്ടിലും പച്ചക്കറി എന്ന ആശയം സഫലമാക്കുന്നതിനായി നഗരപ്രദേശങ്ങളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | ബി) വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി വിദ്യാർത്ഥികൾ, കൃഷിക്കാർ എന്നിവർക്കായി 20 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളുടെ സൗജന്യ വിതരണം, കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകൾ വീട്ടുവളപ്പിലെ കൃഷിക്കായി വിതരണം, മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 37000 ഗ്രോബാഗ് യൂണിറ്റുകൾ നൽകുകയും. ഗ്രോബാഗുകളോടൊപ്പം കമ്പോസ്റ്റ് യൂണിറ്റുകൾ, സൂക്ഷ്മ ജലസേചന/തിരിനന ജലസേചനത്തിനും |

സഹായം നൽകൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. മുൻ കൃഷിയ്ക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു. മാധ്യമങ്ങൾ വഴി വീട്ടുവളപ്പിലെ കൃഷിക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നു. നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷിക്കായി കണികാ ജലസേചനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, മിനി പോളീഹൗസ് പ്രോത്സാഹനം എന്നിവയും 2017-18 ൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നഗര പ്രദേശങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനായി റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിത നഗരി പദ്ധതി' വി.എഫ്.പി.സി.കെ വഴി നടപ്പിലാക്കി വരുന്നു.

| | |
|---|---|
| സി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർക്ക് നൽകി വരുന്ന സാങ്കേതിക സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | സി) വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ച് കൂട്ടായ പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ അതാത് കൃഷി ഭവനുകൾ മുഖേന ലഭ്യമാക്കുന്നു. ക്ലസ്റ്ററുകൾക്ക് ആവശ്യമായ ഉൽപ്പാദന ഉപാധികളായ ജൈവ വളങ്ങൾ, വിത്തുകൾ, തൈകൾ, ജൈവ കീടരോഗനാശിനികൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം പുതിയ സാങ്കേതിക വിദ്യകൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നതിനും സഹായം നൽകുന്നു. കൂടാതെ കൃഷി വിജ്ഞാൻ കേന്ദ്രവുമായി സഹകരിച്ച് കർഷകർക്ക് ആവശ്യമായ ഫീൽഡ് തല പരിശീലനങ്ങളും നൽകി വരുന്നു. പ്രത്യേക പരിഗണന ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള കാർഷിക |

മേഖലയിലെ വിദഗ്ധന്മാർ ഉൾപ്പെട്ട എം.ഡി.റ്റി. – (മൾട്ടി ഡിസിപ്ളിനറി ടീം) യുടെ സഹായത്തോടെ കൃഷിയിടങ്ങളിലെ കീടരോഗബാധ മാറ്റുന്നതിന് കൃഷിയിടങ്ങളിൽ സന്ദർശനം നടത്തി പരിശോധിച്ച് ആവശ്യമായ നിവാരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നു.

## സാമ്പത്തിക സഹായങ്ങൾ

1. സമഗ്ര പച്ചക്കറി വികസന പദ്ധതി 2017-18 പ്രകാരം ഇടവിള കൃഷി പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 7500 രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്നു.

2. പോഷക മൂല്യമേറിയ നാടൻ പച്ചക്കറികളുടെ പ്രചാരണത്തിനായി 100 ഹെക്ടറിൽ, ഹെക്ടറിന് 15000 രൂപ ധനസഹായത്തോടെ അമര, നിത്യ വഴുതന, പീച്ചിൽ എന്നിവയുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നു

3. ഉൽപാദന ക്ഷമതയേറിയ ഹൈബ്രിഡ് പച്ചക്കറി ഇനങ്ങളുടെ കൃഷി 100 ഹെക്ടറിന് 20,000 രൂപ/- ഹെക്ടറിന് എന്ന കണക്കിൽ ധനസഹായം ലഭ്യമാക്കുന്നതാണ്.

4. പച്ചക്കറികളുടെ ഉൽപാദനവും ഉൽപാദനക്ഷമ തയും വർദ്ധിപ്പിക്കുന്ന കൃത്യതാ കൃഷി തെരെഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 20 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 1 ലക്ഷം രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്നതാണ്.

5. വിള ഇൻഷുറൻസ് പദ്ധതി കർഷകർക്കായുള്ള ഇൻഷുറൻസ് പദ്ധതികൾ എന്നിവ 2017-18 സാമ്പത്തിക വർഷവും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. അപ്രകാരം 35 ലക്ഷം വാഴയ്ക്കും 1000 ഹെക്ടർ പച്ചക്കറിയ്ക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. വാഴ, പച്ചക്കറി ഇൻഷുറൻസ് പ്രീമിയം സബ്സിഡി ക്കായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

S. [signature]

**സെക്ഷൻ ഓഫീസർ**